**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6002** **09-11-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾക്ക് വിപണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ആദിവാസികൾ ഉൾപ്പെടെയുള്ള പിന്നോക്ക വിഭാഗക്കാർ ശേഖരിക്കുന്ന വനവിഭവങ്ങളുടെ സംഭരണത്തിനും വിപണനത്തിനും ഇവർ താമസിക്കുന്ന കേന്ദ്രങ്ങളിൽ വിപണികൾ ലഭ്യമാക്കിയിട്ടുണ്ടോ; | (എ) | പട്ടികവർഗ്ഗക്കാർ ശേഖരിക്കുന്ന വനവിഭവങ്ങൾ അവർ താമസിക്കുന്ന സ്ഥലം കേന്ദ്രീകരിച്ചു തന്നെ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും ഉള്ള സ്ഥിരം സംഭരണ വിതരണ കേന്ദ്രങ്ങൾ ഇപ്പോൾ നിലവിലില്ല. പട്ടികവർഗ്ഗക്കാർ സംഭരിക്കുന്ന വനവിഭവങ്ങൾ പട്ടികജാതി പട്ടികവർഗ വികസന സഹകരണ ഫെഡറേഷന്റെ കീഴിൽ വന വിഭവ ശേഖരണ അനുമതി ലഭിച്ചിട്ടുള്ള പട്ടികവർഗ സഹകരണ സംഘങ്ങൾ നേരിട്ടോ, സംഘം നിയോഗിക്കുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ടുന്ന കളക്ഷൻ ഏജന്റ് മുഖേനയോ, പട്ടികവർഗ കോളനികൾ കേന്ദ്രീകരിച്ച് സംഘം നടത്തുന്ന കളക്ഷൻ ഡിപ്പോകൾ മുഖേനയോ ആണ് സംഭരിക്കുന്നത്. ഇപ്രകാരം സംഭരിക്കുന്ന വനവിഭവങ്ങൾ പട്ടികവർഗ്ഗ സഹകരണ സംഘം കേന്ദ്രീകരിച്ച് ഫെഡറേഷൻ മുഖേന ആണ് വിപണനം ചെയ്തു വരുന്നത്. ഫെഡറേഷനെ കൂടാതെ വനം വകുപ്പിനു കീഴിലുള്ള വനസംരക്ഷണ സമിതികൾ, കുടുംബശ്രീ എന്നിവരും പട്ടികവർഗക്കാരിൽ നിന്നും വനവിഭവങ്ങൾ സംഭരിച്ച് വിപണനം ചെയ്തുവരുന്നുണ്ട്. |
| (ബി) | ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും പ്രസ്തുത വിഭാഗത്തെ സംരക്ഷിക്കാൻ ഇവർ താമസിക്കുന്ന കേന്ദ്രങ്ങളിൽ ഇത്തരം വിപണികൾ വ്യപകമാക്കുമോ? | (ബി) | പട്ടികവർഗക്കാരുടെ ആവാസ സ്ഥലത്തു തന്നെ വനവിഭവങ്ങൾ നേരിട്ട് ശേഖരിക്കുവാനും വിപണനം നടത്തുവാനും പട്ടികജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെയും, പട്ടികവർഗ സഹകരണ സംഘങ്ങളുടെയും നേതൃത്വത്തിൽ വനം വകുപ്പ്, കുടുംബശ്രീ എന്നിവയുടെ സംയുക്ത പിന്തുണ ലഭ്യമാക്കി ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും പ്രസ്തുത വിഭാഗക്കാരെ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ